# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-2026

ഗവ.എൽ.പി.എസ്. തലയോലപ്പറമ്പ്

ഉപജില്ല വൈക്കം

വിദ്യാഭ്യാസജില്ല കടുത്തുരുത്തി

ജില്ല കോട്ടയം

## ഉള്ളടക്കം


1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. ലക്ഷ്യങ്ങൾ
4. വിദ്യാലയത്തിന്റെ ചരിത്രം
5. വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്
6. പദ്ധതി വിശദാംശങ്ങൾ
    (എ). മലയാളം
    (ബി). ഇംഗ്ലീഷ്
    (സി). പരിസരപഠനം
    (ഡി). ഗണിതം
7. മികവുകൾ
8. പരിമിതികൾ
9. അനുബന്ധം
    (എ). കുട്ടികളുടെ എണ്ണം
    (ബി). നിലവിലുള്ള അദ്ധ്യാപകർ
    (സി). ദിനാചരണങ്ങൾ

## ആമുഖം

നവകേരളം പദ്ധതിയുടെ ഭാഗമായി ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് സാമൂഹ്യപങ്കാളിത്തത്തോടെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടക്കുകയാണ്. വിദ്യാലയമികവെന്നാൽ അക്കാദമിക മികവാണ്. ഇതു നേടുന്നതിനുവേണ്ടി ഓരോവിദ്യാലയവും സമഗ്രവികസനപ്ലാനുകൾ തയ്യാറാക്കേണ്ടതുണ്ട്. ഈ പ്ലാനുകളുടെ മുഖ്യഘടകം വിദ്യാലയത്തിൽ ചേരുന്ന ഓരോ കുട്ടിക്കും ലഭ്യമാകേണ്ട ഉയർന്ന നിലവാരത്തിലുള്ള പഠനബോധന അനുഭവങ്ങളും വ്യക്തിപരമായ ശ്രദ്ധയും പരിഗണനയുമാണ്. ഇത് നിർണയിക്കുന്നത് വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങളാണ്. ഇതിന് സഹായമാകുംവിധം "അക്കദമിക മികവിലൂടെ വിദ്യാലയ മികവ്" എന്ന കാഴ്ചപ്പാട് ഉയർത്തിക്കൊണ്ടാണ് ഈ മാർഗരേഖ അവതരിപ്പിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ലക്ഷ്യം സാർത്ഥകമാക്കുന്നതിന് വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ ഉൾക്കൊള്ളുന്ന സ്കൂൾതല അക്കാദമിക്പ്ലാൻ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : ഗവ: എൽ.പി. സ്കൂൾ, തലയോലപ്പറമ്പ് |
| | വിലാസം | : തലയോലപ്പറമ്പ് പി.ഒ. കോട്ടയം 686605 |
| 2. | സ്കൂൾ കോഡ് | : 45203 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : വൈക്കം |
| 4. | വിദ്യാഭ്യാസ ജില്ല | : കടുത്തുരുത്തി |
| 5. | റവന്യൂ ജില്ല | : കോട്ടയം |
| 6. | ബി.ആർ.സി. | : വൈക്കം |
| 7. | സി.ആർ.സി. | : തലയോലപ്പറമ്പ് |
| 8. | ഗ്രാമപഞ്ചായത്ത് | : തലയോലപ്പറമ്പ് |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : കടുത്തുരുത്തി |
| 10. | ജില്ലാ പഞ്ചായത്ത് | : കോട്ടയം |
| 11. | നിയമസഭാമണ്ഡലം | : വൈക്കം |
| 12. | ലോകസഭാമണ്ഡലം | : കോട്ടയം |
| 13. | താലൂക്ക് | : വൈക്കം |
| 14. | വില്ലേജ് | : വടയാർ |
| 15. | ഇ.മെയിൽ | : lpgsthalayolaparambu@gmail.com |
| | വെബ്സൈറ്റ് | |
| | സ്കൂൾ വിക്കി | : Kottayam (Revenue District) Kaduthuruthy (Edl District) Vaikom (Vaikom sub. Dist) GLPS, Thalayolparambu. |

## ലക്ഷ്യങ്ങൾ

1. 1 മുതൽ 4 വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി ഉയർന്ന നിലവാരമുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തും. ഒപ്പം മത നിരപേക്ഷ, ജനാതിപത്യ സംസ്കാരം വികസിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിക്കപ്പെടും.

2. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കും. അവരവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മിറകടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കും.

3. പാരിസ്ഥിതിക അവബോധം, സാമൂഹ്യ അവബോധം, മാലിന്യ നിർമ്മാർജന അവബോധം, ലിംഗാവബോധം, വിമർശനാവബോധം എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യും.

4. മികച്ച മാനസിക- വൈകാരിക- ശാരീരിക ആരോഗ്യം ഉറപ്പാക്കും.

5. മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാൻ ആവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കും.

6. സമയബന്ധിതമായ ഉദ്യോഗസ്ഥതല നിരീക്ഷണ സംവിധാനം ഉറപ്പാക്കും.

7. ആരോഗ്യകരമായ സ്ത്രീപുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും കാഴ്ചപ്പാട്, സ്കൂൾഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാവാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തും.

8. വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമാറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തും.

9. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കും.

10. തുടർച്ചയായതും സമഗ്രവുമായ മൂല്യ നിർണ്ണയ പ്രക്രീയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കും. സംഘപാനം ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവുകളേയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തുക എന്ന തന്ത്രമായിരിക്കും സ്വീകരിക്കുക.

## വിദ്യാലയത്തിന്റെ ചരിത്രം

ഏതാണ്ട് നൂറു വർഷങ്ങൾക്കു മുൻപ് (02.07.1913) മുതൽ ഇന്നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് അറിവിന്റെ ആദ്യാക്ഷരം പകർന്നു നൽകിയ ഈ സരസ്വതിക്ഷേത്രം വടയാർ ഗവ. എൽ.പി.സ്കൂൾ എന്നാണ് ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത്.

ഈ പ്രദേശത്തെ ആളുകൾക്ക് പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ കൊല്ലംപറമ്പിൽ ശ്രീ. മാത്യു എന്ന മഹാവ്യക്തി സംഭാവനയായി നൽകിയ സ്ഥലത്ത് ഒരു ഓല ഷെഡിൽ സ്കൂൾ ആരംഭിച്ചു. ഇന്നത്തെ പ്രസിദ്ധമായ AJJM ഗേൾസ് ഹൈസ്കൂളിന്റെ മുൻവശത്തുള്ള കിണറിന്റെ സമീപത്തായിരുന്നു അന്ന് ഈ സ്കൂളിന്റെ സ്ഥാനം. കാർത്തിയായിനി ടീച്ചർ, ജാനകിയമ്മ ടീച്ചർ, പപ്പൻപിള്ള സാർ, കേശവപിള്ള സാർ തുടങ്ങിയവർ അന്നത്തെ പ്രമുഖ അദ്ധ്യാപകരിൽ ചിലരാണ്.

1965 ൽ AJJM ഗേൾസ് ഹൈസ്കൂളിന്റെ പണി ആരംഭിച്ചപ്പോൾ അതിന് തെക്കു വശത്ത് ഞവര കൃഷി ചെയ്തിരുന്ന മ്യാൽ (കരപ്പാടം) കൊല്ലംപറമ്പിൽ മാത്യു എന്ന ഉദാരമതി സംഭാവന ചെയ്തു. ആസ്ഥലത്തേക്ക് ഈ സരസ്വതിക്ഷേത്രം മാറ്റി സ്ഥാപിച്ചു. കഴിഞ്ഞകാല പ്രവർത്തനങ്ങൾക്കിടയിൽ എന്നോ ഗവ: എൽ.പി.സ്കൂൾ എന്ന പേർ സ്വീകരിച്ചുകൊണ്ട് ഗതകാല പ്രൗഢിയോടെ ഇന്നും ഈ വിദ്യാലയം തല ഉയർത്തി നിൽക്കുന്നു.

ഇന്ന് സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങളും അക്കാദമിക് നിലവാരവും മെച്ചപ്പെട്ടിട്ടുണ്ട്. സമീപ പ്രദേശങ്ങളിൽ എയ്ഡഡും അൺഎയ്ഡഡുമായ ധാരാളം സ്കൂളുകൾ പ്രവർത്തിക്കുന്നതുമൂലവും രക്ഷിതാക്കളുടെ ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിത താൽപ്പര്യവും മൂലം ഇടക്കാലത്ത് കുട്ടികളുടെ എണ്ണം കുറഞ്ഞുവെങ്കിലും മൂന്നാല് വർഷമായി നാട്ടുകാരുടെ പങ്കാളിത്തത്തോടെ കുട്ടികളുടെ എണ്ണം മെച്ചപ്പെട്ടുവരുന്നു. SSA, പഞ്ചായത്ത് മുഖേന സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതും അക്കാദമിക നിലവാരം ഉയർന്നതുമാണ് ഇതിന് കാരണം.

നൂറ് വർഷം പൂർത്തിയാക്കിയ ഈ വിദ്യാലയം ശതാബ്ദിയാഘോഷം വളരെ ഗംഭീരമായി തന്നെ നടത്തി. അതിനോടനുബന്ധിച്ച് വിപുലമായ പല പരിപാടികൾ ആസൂത്രണം ചെയ്യുകയും അവ വൻവിജയമാക്കാനും സാധിച്ചിട്ടുണ്ട്. തത്ഫലമായി പൊതു ജനങ്ങളെ സ്കൂളുമായി കൂടുതൽ അടിപ്പിക്കാൻ കഴിഞ്ഞു.

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ച്ചപ്പാടിനേയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായിയുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്ക്കരിക്കുന്ന ഇടമാക്കി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ പാഠ്യനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

5. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ

1) എസ് ആർ ജി യോഗത്തിൽ ഗവൺമെന്റ് എൽ പി എസ് തലയോലപ്പറമ്പ് വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

2) വികസനാവശ്യങ്ങൾ വിഷയം അടിസ്ഥാനത്തിൽ

3) കരട് രൂപരേഖ എസ് ആർ ജി, എസ് എം സി, പി ടി എ, എം പി ടി എ, ഒ എസ് എ, എസ് ഡി സി രാഷ്ട്രീയ സംഘടന പ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ

4) ശില്പശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

5) പി ടി എ നേതൃത്വത്തിൽ കോടികൃത പദ്ധതി രേഖ തയ്യാറാക്കൽ

## നിലവിലെ അവസ്ഥ വിശകലനം

പ്രീ പ്രൈമറി ക്ലാസിന് വർണ്ണകൂടാരം ലഭിച്ചു.

പുതിയ ഇലക്ട്രിഫിക്കേഷൻ ലഭിച്ചു.

സ്ക്കൂൾ കെട്ടിടം മെയിന്റനൻസ് ചെയ്തു

## പരിമിതികൾ

ക്ലാസ്സ്, ഓഫീസ്, സ്റ്റാഫ് റൂം, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യമുള്ള കെട്ടിടങ്ങൾ ഇല്ല. ശൗചാലയം ആധുനിക രീതിയിലുള്ളതല്ല. ഓഡിറ്റോറിയം നിലവിലില്ല. വാഹന ഷെഡ്ഡ് നിർമ്മിക്കേണ്ടതുണ്ട്. ഭോചനശാല ആവശ്യമാണ് . ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട് വിശാലമായ രീതിയിൽ കളിസ്ഥലം ആവശ്യമാണ് പുതിയ ക്ലാസ് മുറി വേണം.

## മികവുകൾ

1. പഠനകൂട്ടങ്ങൾ
2. ക്ലബ് പ്രവർത്തനം
3. പച്ചക്കറിത്തോട്ടം
4. നിരന്തരം വിലയിരുത്തൽ
5. ക്ലാസ്സ് പി.റ്റി.എ.
6. ക്ലാസ്സ് ലൈബ്രറി
7. ക്വിസ് പ്രോഗ്രാം
8. നാടൻ ഭക്ഷ്യമേള
9. ഇംഗ്ലീഷ് അസംബ്ലി
10. ദിനാചരണങ്ങൾ
11. പഠനയാത്രകൾ
12. കായിക പരിശീലനം
13. CWSN കുട്ടികൾക്ക് പ്രത്യേക പരിഗണന
14. I.T. അധിഷ്ഠിത പഠനം

## പരിമിതികൾ

1. കലാ -കായിക പ്രവർത്തി പരിചയ പ്രവർത്തനങ്ങൾക്ക് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ അഭാവം
2. രക്ഷിതാക്കൾ സ്കൂളുമായി ബന്ധപ്പെടുന്നതിൽ വരുത്തുന്ന അലംഭാവം
3. കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കൾക്ക് ശ്രദ്ധയില്ലായ്മ
4. ICT അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള മെറ്റീരിയലുകളുടെ അഭാവം, ICT ഉപകരണങ്ങളുടെ ലഭ്യതക്കുറവ്.

## പദ്ധതി വിശദാംശങ്ങൾ

### മലയാളം

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : അക്ഷരത്തോണി

മേഖല/ഉപമേഖല : അക്കാദമികം/ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. അടയാളം (ചിഹ്നങ്ങൾ) ഉറപ്പിക്കൽ<br>2.അക്ഷരകാർഡ് നൽകൽ<br>3. വാക്കുകൾ നിർമ്മിക്കൽ<br>4. വാക്യങ്ങൾ നിർമ്മിക്കൽ<br>5.ചിത്രം-അടിക്കുറിപ്പ് നൽകൽ<br>6. ചിത്രം-കഥ പറയൽ- എഴുതൽ`<br>7. കഥ- ബാക്കി എഴുതൽ<br>8. കഥാ പുസ്തകം നൽകൽ<br>9.പ്രത്യേക പരിഗണന അർഹിക്കുന്നവർ CD-ചിത്രത്തിൽ നിന്ന് വാക്യങ്ങൾ എഴുതൽ | 2 മാസം<br>"<br>"<br>"<br>3 മാസം<br>"<br>"<br>"<br>" | ക്ലാസ്ടീച്ചർ<br>SRG | 1000 |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ആസ്വാദകക്കൂട്ടം

മേഖല/ഉപമേഖല : അക്കാദമികം/ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ വിദ്യാർത്ഥികളും മികച്ച വായനക്കാരും അതലൂടെ എഴുത്തുകാരനുമാക്കുന്നതിന് വേണ്ടിയാണ് ഈ പ്രവർത്തനങ്ങൾ | 1. എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി, വായനാ മൂല<br>2. ക്ലാസ് വായനാകൂട്ടം<br>3. സ്കൂൾ ലൈബ്രറി വിപുലപ്പെടുത്തൽ<br>4. വായനശാല സന്ദർശനം<br>5.വായനോത്സവം<br>6. എല്ലാ ക്ലാസ്സിലും പത്രം<br>7. അമ്മ വായന<br>8. വായനാക്കുറിപ്പ് തയ്യാറാക്കൽ<br>9. ബാലസഭ<br>10. ദിനാചരണങ്ങൾ<br>11. വായനക്കൂട്ടം മോണിറ്ററിംഗ് | | SRG<br>PTA<br>MPTA<br>LSG<br>SSA | 4,000 |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : എഴുത്തോല

മേഖല/ഉപമേഖല : അക്കാദമികം/ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ വിദ്യാർത്ഥികളെയും മികച്ച എഴുത്തുകാരാക്കുന്നതിന് | 1. എഴുത്തുകൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ്സ് ലൈബ്രറി<br>3. അസംബ്ലിയിൽ പുസ്തക പരിചയം<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുത്തൽ<br>6. ഇൻലന്റ് മാഗസിൻ<br>7. ചുമർ പത്രിക<br>8. ഒരു കുട്ടിക്ക് ഒരു സാഹിത്യകാരൻ വിവരശേഖരണം, പതിപ്പ് നിർമ്മാണം<br>9. മലയാളം ടൈപ്പിംഗ് പരിശീലനം<br>10. ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>11. കാവ്യക്കൂട്ടം<br>12. എഴുത്തോല മോണിറ്ററിംഗ് | അധ്യായനവർഷം മുഴുവൻ | HM<br>SRG<br>PTA<br>LSG | 1,00,000 |

## ഇംഗ്ലീഷ്

പ്രവർത്തനം 1

പേര് : ഇംഗ്ലീഷ് കോർണർ

മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതി മാസ പരിപാടി | ഇംഗ്ലീഷ്ക്ലബ് | 1000 |

പ്രവർത്തനം 2

പേര് : സ്റ്റോറി റൈറ്റിംഗ്

മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | ഒരു കഥയുടെ കുറച്ച് ഭാഗങ്ങൾ നൽകുന്നു. ബാക്കി കുട്ടികൾ ഗ്രൂപ്പായും ഒറ്റക്കും എഴുതി പൂർത്തിയാക്കുന്നു. പരസ്പരം വിലയിരുത്തുന്നു. | പ്രതി മാസ പരിപാടി | ക്ലാസ് ടീച്ചർ | 500 |

പ്രവർത്തനം 3

പേര് : പദപ്രശ്ന നിർമ്മാണം

മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളി കളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് കണ്ടെത്താൻ നിശ്ചിത സമയം കൊടുക്കുന്നു. വിജയിയെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതി മാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | 500 |

പ്രവർത്തനം 4

പേര് : Word Card

മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അക്ഷരങ്ങൾ ഉറപ്പിക്കാനും വാക്കുകൾ ഉറപ്പിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | കുട്ടികൾക്ക് അക്ഷര കാർഡുകൾ തയ്യാറാക്കി നൽകുന്നു. ആ കാർഡുകൾ ഉപയോഗിച്ച് അർത്ഥപൂർണ്ണമായ വാക്കുകൾ രൂപീകരിക്കൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | 500 |

പ്രവർത്തനം 5

പേര് : ഇംഗ്ലീഷ അസംബ്ലി

മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായും വായിക്കാനും എഴുതാനും സംസാരിക്കുനുമുള്ള വികസിപ്പിക്കുക | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുകയും ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകുകയും ചെയ്യുന്നു. | വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 6

പേര് : കോറിയോഗ്രാഫി

മേഖല/ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപമായി മാറ്റുന്നു. കോറിയോഗ്രാഫിയുടെ താളത്തിനും ആശയത്തിനും അനുസരിച്ച് അവതരിപ്പിക്കുന്നു. | ഒരു ടേമിൽ ഒരെണ്ണം വീതം | എസ്. ആർ.ജി | |

പ്രവർത്തനം 7

പേര് : ഇംഗ്ലീഷ് ഡയറി

മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 8

പേര് : ഇംഗ്ലീഷ് തീയറ്റർ

മേഖല/ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സാർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 9**

പേര് : word ladder

മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഇംഗ്ലീഷ് പഠനം | ടീച്ചർ ഒരു ഇംഗ്ലീഷ് വാക്ക് പറയുന്നു. ആവാക്കിന്റെഅവസാന അക്ഷരത്തിൽ തുടങ്ങുന്ന ഒരു വാക്ക് കുട്ടി പറയുന്നു. ആവാക്കിന്റെ അവസാന അക്ഷരം ചേർത്ത് അടുത്ത കുട്ടി പറയുന്നു | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 10**

പേര് : ചിത്ര വായന

മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വാക്കുകൾ ഉറപ്പിക്കൽ | ചിത്രങ്ങൾ കണിച്ച് കുട്ടികളെക്കൊണ്ട് വാക്കുകൾ പറയിക്കുകയും എഴുതിക്കുകയും ചെയ്യുക. | ആഴ്ചയിൽ 3 ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 11**

പേര് : ചിത്ര വായന

മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്നIEOC കുട്ടികൾക്ക് ഭാഷാപഠനത്തിനുള്ള കഴിവ് വികസിപ്പിക്കുക | ICT സാധ്യത പ്രയോജനപ്പെടുത്തി ചിത്രങ്ങൾ കണിക്കുകയും കുട്ടികളെക്കൊണ്ട് വാക്കുകൾ പറയുക്കുകയും എഴുതിക്കുകയും ചെയ്യുക. | മാസത്തിൽ 2 വീതം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 12

പേര് : ഗ്രാമി സ്കൂൾ

മേഖല/ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവ് നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതി വർഷം 10 ക്ലാസ്സുകൾ | ക്ലാസ്സ് ടീച്ചർ | 2000 |

## പരിസര പഠനം

പ്രവർത്തനം 1

പേര് : ശാസ്ത്രലാബ് സന്ദർശനം

മേഖല/ഉപമേഖല : അക്കാദമികം ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ കൂടുതൽ മനസ്സിലാക്കൽ | തൊട്ടടുത്ത ഹയർ സെക്കണ്ടറി സ്കൂളിലേക്ക് സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും മനസിലാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ് | |

പ്രവർത്തനം 2

പേര് : ആഴ്ച ക്വിസ്

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ പൊതു വിജ്ഞാനം വളർത്തുന്നതിന് | ഓരോ ആഴ്ചയിലെയും പത്ര വാർത്തകളുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ തയ്യാറാക്കുകയും അവയുടെ ഉത്തരങ്ങൾ കുട്ടികൾ കണ്ടെത്തുകയും ശരിയായ ഉത്തരങ്ങളിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയിയെ തെരഞ്ഞെടുക്കുക. | എല്ലാ ആഴ്ചയിലും | എസ്. ആർ.ജി. | 500 |

പ്രവർത്തനം 3

പേര് : പ്രതിഭാപോഷണ പരിപാടി

മേഖല/ഉപമേഖല : അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും LSS നേടിക്കൊടുക്കൽ | മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്. എസ്. ജി. | |

പ്രവർത്തനം 4

പേര് : ശാസ്ത്രലാബ് സന്ദർശനം

മേഖല/ഉപമേഖല : അക്കാദമികം ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | അടുത്തുള്ള വയലുകളിലെ കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ സന്ദർശിക്കൽ,ബയോളജിക്കൽ പാർക്കുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കൽ | പ്രതി വർഷം 6 യാത്രകൾ | സയൻസ് ക്ലബ്, പി.റ്റി. എ. | |

പ്രവർത്തനം 5

പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ് | 3000 |

പ്രവർത്തനം 6

പേര് : സാമൂഹ്യ ശാസ്ത്രലാബ്

മേഖല/ഉപമേഖല : അക്കാദമികം ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രം കൂടുതൽ ശാസ്ത്രീയമാക്കുക | ക്ലാസ്സ്മുറിയുടെ സൗകര്യപ്രദമായ ഒരു മൂലയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

**പ്രവർത്തനം 4**

പേര് : ശാസ്ത്രലാബ് സന്ദർശനം

മേഖല/ഉപമേഖല : അക്കാദമികം ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | അടുത്തുള്ള വയലുകളിലെ കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ സന്ദർശിക്കൽ,ബയോളജിക്കൽ പാർക്കുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കൽ | പ്രതി വർഷം 6 യാത്രകൾ | സയൻസ് ക്ലബ്, പി.റ്റി.എ. | |

**പ്രവർത്തനം 5**

പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ് | 3000 |

**പ്രവർത്തനം 6**

പേര് : സാമൂഹ്യ ശാസ്ത്രലാബ്

മേഖല/ഉപമേഖല : അക്കാദമികം ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രം കൂടുതൽ ശാസ്ത്രിയമാക്കുക | ക്ലാസ്സ്മുറിയുടെ സൗകര്യപ്രദമായ ഒരു മൂലയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

**പ്രവർത്തനം 10**

പേര് : പച്ചക്കറിത്തോട്ടം

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എച്ച്.എം പി.റ്റി.എ. കൃഷി ഓഫീസ് | 10,000 |

**പ്രവർത്തനം 11**

പേര് : നാടൻ ഭക്ഷ്യമേള

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നാടൻ ഭക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | എല്ലാ ക്ലാസ്സുകളിലേയും കുട്ടികളെ നാടൻ ഭക്ഷണ വിഭവങ്ങൾ തയ്യാറാക്കലും പാചക കുറിപ്പ് തയ്യാറാക്കലും ഭക്ഷിക്കലും | വർഷത്തിൽ 1 പ്രാവശ്യം | എസ്.ജി പി.റ്റി.എ. | |

**പ്രവർത്തനം 12**

പേര് : ജൈവ വൈവിധ്യ പാർക്ക്

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യപാർക്ക് നിർമ്മിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എച്ച്.എം പി.റ്റി.എ. എസ്.എസ്.എ | 25,000 |

പ്രവർത്തനം 15

പേര് : ശാസ്ത്ര കൗതുകം

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭി രുചിവളർത്തുക | ശാസ്ത്ര തത്ത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. അവയുടെ പ്രവർത്തന ക്രമം, ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തുന്നു. | മാസത്തിൽ 1 വീതം | എസ്. ആർ.ജി | 500 |

പ്രവർത്തനം 16

പേര് : ആകാശ കാഴ്ചകൾ

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വാന നിരീക്ഷണത്തിലൂടെ പ്രതിഭാസങ്ങൾ കണ്ടു മനസ്സിലാക്കുന്നതിന് | കുട്ടികൾ വാനനിരീക്ഷണത്തിലൂടെ ഒരു പൗർണ്ണമി മുതൽ അടുത്ത പൗർണ്ണമി വരെയുള്ള ചന്ദ്രന്റെ ആകൃതിയിലുള്ള വ്യത്യാസം വരച്ച് രേഖപ്പെടുത്തുന്നു | ഡൈമിലി | എസ്. ആർ.ജി | |

പ്രവർത്തനം 17

പേര് : വൃത്തി നൽകും ശക്തി

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യക്തി ശുചിത്വം പാലിച്ച് ആരോഗ്യം നിലനിർത്തുന്നതിന് | ഓരോ ക്ലാസ്സിലും വ്യക്തി ശുചിത്വ ചാർട്ട് കുട്ടിക്കും രേഖപ്പെടുത്തക്ക വിധം പ്രദർശിപ്പിക്കുന്നു. ദിവസവും വ്യക്തി ശുചിത്വം രേഖപ്പെടുത്തുന്നു. | ദിവസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 18

പേര് : വിവരശേഖരണം

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രാജ്യത്തെക്കുറിച്ച് പൊതുവായ കാര്യങ്ങൾ മനസ്സിലുക്കുന്നതിന് | കുട്ടികൾ വ്യക്തിഗതമായി ഇന്ത്യയിലെ സംസ്ഥാനങ്ങൾ, കേരളത്തിലെ ജില്ലകൾ, സ്വാതന്ത്ര്യ സമരസേനാനികൾ തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു. | വർഷത്തിൽ 1 പ്രവശ്യം | ക്ലാസ്സ് ടീച്ചർ | |

## ഗണിതം

പ്രവർത്തനം 1

പേര് : ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിത ക്ലബ് | 20,000 |

പ്രവർത്തനം 2

പേര് : ഗണിതാസ്വാദനം

മേഖല/ഉപമേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതാസ്വാദനം | ഗണിതം പരീക്ഷണ വസ്തു ആക്കാതെ ഗണിത സമസ്യകളുടെ സാമൂഹിക പരവും ബുദ്ധി പരവുമായ മാനങ്ങൾ വിശദീകരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ അതാതു ക്ലാസ്സിലെ പഠന നേട്ടങ്ങളുമായി തട്ടിച്ചു കൊണ്ടും തുടർ പ്രവർത്തനത്തിനു സാധ്യതയുള്ളതുമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | 20,000 |

പ്രവർത്തനം 3

പേര് : ഗണിതക്കൂട്ടം

മേഖല/ഉപമേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു. ചോദ്യാവലി ഉണ്ടാക്കുന്നു. പ്രീ.ടെസ്റ്റ് മൂല്യ നിർണ്ണയം റിസൾട്ട് രേഖപ്പെടുത്തുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നു. എസ്.ആർ.ജി യിൽ അവതരണം സംഖ്യാ ബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ കുട്ടികൾ മുൻക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തു കൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. | ജൂൺ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 4

പേര് : ഗണിത ക്ലബ്

മേഖല/ഉപമേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തോട് ആഭിമുഖ്യ വളർത്തുക | അടിസ്ഥാന ഗണിത ശേഷികൾ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ഗണിത ക്ലബ്അംഗങ്ങളുടെ പങ്കാളിത്തത്തോടെ ക്ലാസ് റൂം പ്രവർത്തനങ്ങൾ, ക്വിസ് മെട്രിക്ക് അളവുകൾ പരിചയപ്പെടൽ, ഗണിത രൂപങ്ങൾ നിർമ്മാണം, പതിപ്പുകൾ | ഒരു വർഷം | ക്ലബ് അംഗങ്ങൾ | 1,000 |

പ്രവർത്തനം 5

പേര് : ഗണിത മാഗസിൻ

മേഖല/ഉപമേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത മാഗസിൻ | ഗണിതാശയങ്ങൾ പ്രശ്നങ്ങൾ, ചിത്രങ്ങൾ ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ്സ് തലലത്തലും സ്കൂൾ തലത്തിലും മാഗസിൻ തയ്യാറാക്കി ഉപജില്ല, ജില്ലാ മത്സരത്തിനു വേണ്ടി സമർപ്പിക്കുന്നു. | ഒരു വർഷം | എസ്. ആർ.ജി ക്ലാസ് ടീച്ചർ | 2,000 |

പ്രവർത്തനം 6

പേര് : ഗണിത പാർക്ക്

മേഖല/ഉപമേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | 1,000 |

പ്രവർത്തനം 7

പേര് : ഒറിഗാമി ശില്പശാല

മേഖല/ഉപമേഖല : അക്കാദമികം/ ഗണിത ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി ഒ.എസ്.എ | 1,000 |

# കായിക വിദ്യാഭ്യാസം

**പ്രവർത്തനം 1**

പേര് : ആരോഗ്യ കായിക പരിശീലനം

മേഖല/ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഏതു കായിക വിനോദവും നമുക്ക് ആനന്ദം നൽകുന്നുണ്ട്. കളികളിൽ ഏർപ്പെടുമ്പോൾ നാമറിയാതെ നമ്മിൽ പല മാറ്റങ്ങൾ ഉണ്ടാകുന്നു. അതെന്താണെന്നും മറ്റും മനസ്സിലാക്കുന്നു. | രാവവിലെയും വൈകുന്നേരവും കായിക പരിശീലനം ,ചിട്ടയായ സമയക്രമം ജീവതത്തിൽ നാം സ്വീകരിക്കേണ്ടതായ ചിട്ടകൾ കായിക പരിശീലനം അസംബ്ലിയിൽ നടത്തുന്നതുമായ Sports talk, Free hand exercise കൾ കബിടി, Kho kho, football മറ്റ് കളികൾ സബ്ജില്ലാ തലത്തിൽ പങ്കെടുക്കാനും മത്സരത്തിൽ വിജയിക്കാനും സമ്മാനം നേടിയെടുക്കാനും | പ്രതി മാസ പരിപാടി | എച്ച്എം. കായി കാദ്ധ്യാ പകൻ | 20,000 |

**IEDC കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ**

സ്കോളർഷിപ്പുകൾ, ചിത്രവായനക്കാർഡ്, അക്ഷരക്കാർഡ്, സംഖ്യാകാർഡ്, മുത്തുകൾ, ഷെയ്പ്പുകൾ, പസ്സിൽസ്, Blocks, play materials, Deawing coloring book, Crayons, sketch, ചാർട്ടുകൾ, ചിത്രങ്ങൾ പകെർത്തെഴുത്ത് ബുക്കുകൾ കഥാചിത്രങ്ങൾ, കാർഡുകൾ, Indoor game materials, yoga classes, music therapy, Aerobicts etc, Awarness classes, രക്ഷിതാക്കൾക്ക്, സഹപാഠികൾക്ക്, സഹോദരങ്ങൾ, തൊഴിൽ നൈപുണ്യ ക്ലാസ്സുകൾ, പരിശീലനങ്ങൾ Shetered workshop കലാകായിക പരിശീലനങ്ങൾ സായന്തന വേദികൾ, പ്രതിഭാ കേന്ദ്രം, പഠന പരിഹാരബോധന ക്ലാസ്സുകൾ, Speech therapy, physio therapy, Teachers training